**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1747** **13-02-2025 - ൽ മറുപടിയ്ക്ക്**

**നിപ്മർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഭിന്നശേഷി പുനരധിവാസമേഖലയിൽ പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ (നിപ്മർ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും പുതിയ പദ്ധതികളോ പ്രവർത്തനങ്ങളോ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ (നിപ്മർ)ൽ ആരംഭിച്ചിട്ടുള്ള പുതിയ പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

1. **<u>ബാച്ചിലർ ഓഫ് പ്രോസ്തറ്റിക്സ് ആൻറ് ഓർത്തോറ്റിക്സ് (BPO)</u> :** കേരളത്തിൽ ആദ്യമായി പ്രോസ്തറ്റിക്സ് ആൻറ് ഓർത്തോറ്റിക്ക്സ് മേഖലയിൽ 4½ വർഷത്തെ പ്രൊഫഷണൽ ബിരുദ കോഴ്സ് ആരംഭിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് NOC നല്കുകയും റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ കോഴ്സിന് അംഗീകാരം നൽകുകയും ചെയ്തു. കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല അഫിലിയേഷനോടെ LBS വഴി അഡ്മിഷൻ നടപടികൾ സ്വീകരിച്ച് ഒരു ബാച്ചിൽ പരമാവധി 20 പേർക്കാണ് അഡ്മിഷൻ നൽകുന്നത്. സ്വാശ്രയ മാതൃകയിൽ 2024-25 അക്കാദമിക്ക് വർഷം മുതൽ കോഴ്സ് ആരംഭിച്ചു.
2. **<u>എഡ്യുക്കേഷൻ ഡിപ്ലോമ:</u>** റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തോടെയുള്ള രണ്ട് വർഷം ദൈർഘ്യമുള്ള ഈ കോഴ്സിൽ പരമാവധി 25 കുട്ടികൾക്കാണ് ഒരു ബാച്ചിൽ അഡ്മിഷൻ ലഭിക്കുന്നത്. ഭിന്നശേഷിക്കാരായ കുട്ടികളെ അവരുടെ ശാരീരിക മാനസിക പരിമിതികൾ മറികടന്ന് സ്വയം പര്യാപ്തത കൈവരിക്കാനും സാമൂഹ്യ ഉൾച്ചേർക്കലിനും സഹായിക്കുന്ന ഒരു പ്രധാന ഘടകം സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകരാണ്. ബഡ്സ് സ്കൂൾ/ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ/ സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകരാകാനുള്ള കുറഞ്ഞ യോഗ്യതയായ ഈ കോഴ്സ് RCI അംഗീകാരത്തോടെ NIPMR നടത്തി വരുന്നു.
3. **<u>സർട്ടിഫിക്കറ്റ് കോഴ്സ് ഇൻകെയർ ഗിവിംഗ്</u> :** ഉയർന്ന ആയുർ ദൈർഘ്യം മൂലമുണ്ടാകുന്ന വാർദ്ധക്യ സഹജ ദീർഘസ്ഥായി രോഗങ്ങൾ പരിശീലനം സിദ്ധിച്ച പരിപാലകരുടെ സേവനം ആവശ്യപ്പെടുന്നു. കിടപ്പ് രോഗികളുടെ പരിചരണത്തിനായി ഒരു പ്രൊഫഷണൽ കേഡറിനെ സൃഷ്ടിക്കാനായി ഒരു വർഷം ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കെയർ ഗിവിംഗ് RCI അംഗീകാരത്തോടെ NIPMR-ൽ 2024- 25 അക്കാദമിക്ക് വർഷം മുതൽ ആരംഭിച്ചു.
4. **<u>സ്പെഷ്യൽ സ്കൂൾ - ഇന്റെലെക്ച്ചൽ ഡിസെബിലിറ്റി</u>** : ഇന്റെലെക്ച്ചൽ ആന്റ് ഡെവലപ്പ്മെന്റൽ ഡിലെയുള്ള കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനും അവരുടെ ദിനചര്യകൾ, അവരുടെ പെരുമാറ്റ പ്രശ്നങ്ങൾ മാറ്റാൻ ശ്രമിക്കുക, മറ്റുള്ളവരുമായി ഇടപഴകാൻ സഹായിക്കുക എന്നിവയുൾപ്പടെയുള്ള പ്രവർത്തനങ്ങളാണ് ഇതിലൂടെ നടത്തുന്നത്.
5. **<u>സെറിബ്രൽ പാൾസി റിഹാബിലിറ്റേഷൻ ആൻറ് റിസർച്ച് സെൻറർ (CPRRC)</u> :** കേരള സാമൂഹ്യ സുരക്ഷാമിഷന്റെ സാമ്പത്തിക സഹായത്തോടെ സെറിബ്രൽ പാൾസി ബാധിതരായ കുട്ടികളെ നേരത്തെ തന്നെ കണ്ടെത്തി അവർക്ക് ആവശ്യമായ വിദഗ്ധ ചികിത്സ ഒരുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

6. **<u>ഭിന്നശേഷിക്കാർക്ക് സ്പോർട്സ് ആൻറ് ഗെയിം ആക്ടിവിറ്റി സോൺ</u>** : ഭിന്നശേഷിക്കാരുടെ മാനസീക ഉല്ലാസത്തിനൊപ്പം തെറാപ്പിയുടെ ഭാഗമായും ഉപയോഗിക്കാവുന്ന രീതിയിൽ സജ്ജീകരിച്ചിരിക്കുന്ന യൂണിറ്റായ സ്പോർട്സ് ആൻറ് ഗെയിം ആക്ടിവിറ്റി സോൺ NIPMR ൽ സജ്ജീകരിച്ചിട്ടുണ്ട്.
7. **<u>എർഗോ ലാബ്</u>** : ഭിന്നശേഷിക്കാർക്ക് ആവശ്യമായ വസ്തുക്കൾ കസ്റ്റം മെയ്ഡ് ആയി നിർമ്മിക്കുന്ന സംവിധാനമായ എർഗോ ലാബ് NIPMR-ൽ സജ്ജീകരിച്ചിട്ടുണ്ട്.
8. **<u>ഔട്ട് ഡോർ ആക്സസ്, ആമ്പുലേഷൻ ട്രാക്ക് അക്വാട്ടിക് റിഹാബ് സംവിധാനം</u>** : റിക്രിയേഷൻ സംവിധാനത്തിലൂടെ തെറാപ്യൂട്ടിക്ക് സംവിധാനം തയ്യാറാക്കുന്നതിനായി ഔട്ട് ഡോർ ആക്സസ്, ആമ്പുലേഷൻ ട്രാക്ക് അക്വാട്ടിക് റിഹാബ് സംവിധാനം എന്നിവ ഒരുക്കിയിട്ടുണ്ട്.
9. **<u>ഒപ്റ്റോമെട്രിക് യൂണിറ്റ്</u>** : NIPMR ന്റെ സേവനം പ്രയോജനപ്പെടുത്തുന്നവർക്ക് പ്രത്യേകിച്ച് സ്പെഷ്യൽ സ്കൂൾ വിദ്യാർത്ഥികൾക്ക് കണ്ടുവരുന്ന ഒരു പ്രശ്നമാണ് കാഴ്ചക്കുറവ്. ഇത് ഇത്തരക്കാരുടെ മറ്റ് ആരോഗ്യ പ്രശ്നങ്ങൾ മൂലം ശ്രദ്ധിക്കപ്പെടാത്ത സാഹചര്യം ഉണ്ടാകാറുണ്ട്. ഭിന്നശേഷി മേഖലയിൽ കാഴ്ചയില്ലാത്തവരും മറ്റ് പ്രശ്നങ്ങൾക്കൊപ്പം കാഴ്ചക്കുറവ് ഒരു അനുബന്ധ പ്രശ്നമായുള്ളവരും ഏറെയാണ്. ഇത് കണക്കിലെടുത്ത് ഒരു ഒഫ്ത്താൽമോളജിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ് എന്നിവരുടെ സേവനം ആഴ്ച്ചയിൽ ഒരിക്കൽ എന്ന രീതിയിൽ പ്രയോജനപ്പെടുത്തുന്നതിനും ഇതിലൂടെ കാഴ്ച്ചയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നേരത്തേ കണ്ടെത്തുന്നതിനും ആവശ്യമായ ചികിത്സ പ്രാരംഭഘട്ടത്തിൽ തന്നെ നൽകുവാനും കഴിയും.
10. **<u>ഭിന്നശേഷിക്കാർക്കായി മോഡൽ ജിം</u>** : ഭിന്നശേഷിക്കാർക്ക് ശാരീരിക ക്ഷമത നിലനിർത്തുന്നതിന് മോഡൽ ജിം നിർമ്മാണം പൂർത്തീകരിച്ചു.
11. **<u>ഇൻക്ലൂസീവ് സ്പെഷ്യലൈസ്ഡ് ലഞ്ച് പ്രോഗാം</u>** : NIPMR ലെ സ്പെഷ്യൽ സ്കൂളിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പോഷകാഹാരം നൽകുന്ന പദ്ധതി.
12. **<u>സിമുലേഷൻ സൂപ്പർ മാർക്കറ്റ്</u>** – ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പണമിടപാട്, സാമൂഹ്യ ഇടപെടൽ, വിപണന തന്ത്രം, വ്യക്തിത്വ വികാസം എന്നിവ വളർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും സിമുലേഷൻ മാതൃകയിൽ ഒരു സൂപ്പർ മാർക്കറ്റ് NIPMR നടപ്പിലാക്കുന്നു.
13. **<u>സാറ്റലൈറ്റ് സെന്റർ അങ്കമാലി (ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്):</u>** NIPMR ന്റെ പ്രവർത്തനങ്ങൾ ഇതര ജില്ലകൾക്ക് കൂടി ലഭ്യമാക്കുന്നതിന്റെ ഭാഗമായി അങ്കമാലി ബ്ലോക്ക് പഞ്ചായത്തുമായി സഹകരിച്ച് ആഴ്ചയിൽ രണ്ടു ദിവസം ഫിസിയോ, സ്പീച്ച്, ഒക്യുപ്പേഷണൽ, ബിഹേവിയറൽ തെറാപ്പികൾ നൽകുന്നു. അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാന സൗകര്യം ഒരുക്കിത്തരികയും NIPMR പ്രൊഫഷണൽ പിന്തുണ നൽകുകയും ചെയ്യുന്നു.

14. **ദന്ത പരിചരണ വിഭാഗം** : NIPMR ന്റെ സേവനം പ്രയോജനപ്പെടുത്തുന്ന ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് പ്രത്യേകിച്ച് കുട്ടികൾക്ക് പല തരത്തിലുള്ള ദന്ത രോഗങ്ങളും അനുബന്ധ പ്രശ്നങ്ങളും ഉണ്ടെന്നും ഇത് പലതരത്തിലുള്ള ബിഹേവിയറൽ പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ടെന്നതിനാൽ ഡെൻറൽ ഹൈജീനിന്റെ ഭാഗമായി ഒരു ഡെൻറിസ്റ്റിന്റെ സേവനം അത്യാവശ്യമാണ്. ഇത്തരം കുട്ടികൾക്ക് ആവശ്യമായ ദന്ത പരിചരണം മറ്റ് ഡെന്റൽ കെയർ സെന്ററുകളിൽ ലഭ്യമല്ലാത്തതിനാൽ ഈ കുറവ് പരിഹരിക്കുന്നതിന് കൺസൾട്ടൻസി അടിസ്ഥാനത്തിൽ ഒരു ഡെൻറൽ യൂണിറ്റ് സ്വാശ്രയ മാതൃകയിൽ NIPMR ൽ പ്രവർത്തിക്കുന്നു.

15. **ഫീഡിംഗ് ഡിസോഡർ ക്ലിനിക്ക്** : സമഗ്രവും ശാസ്ത്രീയവുമായ ഇടപെടലുകളിലൂടെ ഭക്ഷണ കാര്യത്തിൽ കുട്ടികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുകയും ഭക്ഷണസമയം സുഖകരവും ആസ്വാദകരവുമാക്കി മാറ്റുകയും ചെയ്യുക എന്ന പ്രവർത്തനമാണ് NIPMR-ലെ ഫീഡിംഗ് ഡിസോഡർ ക്ലിനിക് നിർവഹിക്കുന്നത്.

16. **അറ്റൻഷൻ ഡെഫിസിറ്റ് ഹൈപ്പർ ആക്റ്റീവ് ആയ കുട്ടികൾക്കുള്ള മോട്ടോർ ആക്റ്റിവിറ്റി ജിം** : ADHD കുട്ടികൾക്കായുള്ള മോട്ടോർ ആക്റ്റിവിറ്റി ജിം NIPMR-ൽ സജ്ജീകരിച്ചിട്ടുണ്ട്.

17. **സ്കേറ്റിംഗ് ട്രാക്ക്** : ഭിന്നശേഷിക്കാരായ കുട്ടികൾക്ക് റോളർ സ്കേറ്റിംഗ് പരിശീലനം നൽകുന്ന സംവിധാനം NIPMR ൽ ഒരുക്കിയിട്ടുണ്ട്.

18. **വീൽ ട്രാൻസ് പ്രോജക്ട് (MLA-SDF)**: MLA-SDF-ൽ നിന്ന് NIPMR ന്റെ സേവനം ആവശ്യമായ ഭിന്നശേഷിക്കാർക്ക് ഉപയോഗപ്രദമായ രീതിയിൽ ഭിന്നശേഷി സൗഹൃദമാക്കി ഒരു വാഹനം (ആംബുലൻസ്) പരിഷ്ക്കരിക്കുന്നു. പരസഹായം കൂടാതെ കഠിനമായ സ്പാസ്റ്റിക് ക്വാഡ്രിപ്ലെജിയയും മറ്റ് വൈകല്യങ്ങളും ഉള്ള കുട്ടികൾക്കും സുഷുമ്നാ നാഡി, മസ്തിഷ്ക ക്ഷതം എന്നിവയുള്ള കുട്ടികൾക്കും ഇത് ഉപയോഗിക്കാൻ കഴിയും. ഭിന്നശേഷി സൗഹൃദമാക്കി സജ്ജീകരിച്ചിരിക്കുന്ന ഈ വാഹനം ഭിന്നശേഷിക്കാരുടെ യാത്രാ ആവശ്യങ്ങൾക്കായി ഉപയോഗിച്ചു വരുന്നു.

19. **റിഹാബ് എക്സ്പ്രസ്സ്** : NIPMR ന്റെയും KSSM ന്റെയും ഒരു സംയുക്ത പദ്ധതി. KSRTC യിൽ നിന്നും ഒരു ലോ ഫ്ലോർ AC ബസ് വാടകക്കെടുത്ത് റീഹാബിലിറ്റേഷൻ സൗകര്യങ്ങൾ ഒരുക്കുന്നതിനാവശ്യമായ തരത്തിൽ രൂപമാറ്റം വരുത്തി വിവിധ സ്ഥലങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ഭിന്നശേഷിക്കാർക്ക് ആവശ്യമായ തെറാപ്പി സേവനങ്ങൾ നൽകുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

20. **ന്യൂറോ ഫിസിയോതെറാപ്പി യൂണിറ്റ്** : നാഡീ സംബന്ധവും ന്യൂറോ വാസ്കുലാർ സംബന്ധവുമായ പ്രശ്നങ്ങൾ കാരണം ചലന ശേഷിയിലും പ്രവർത്തന ക്ഷമതയിലും ബുദ്ധിമുട്ട് നേരിടുന്ന വ്യക്തികളെ ചികിത്സിക്കുന്ന രീതിയാണ് ന്യൂറോ ഫിസിയോ തെറാപ്പി.

21. **ചൈൽഡ് ഡെവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്റർ (CDRC) :** NIPMR-ൽ 0-3 വയസ്സിനിടയിൽ പ്രായമുള്ള വളർച്ചാ വിളംബമുള്ള കുട്ടികൾക്കായി ആരംഭിച്ചിരിക്കുന്ന പദ്ധതിയാണ് ചൈൽഡ് ഡെവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്റർ. ഇത്തരം കുട്ടികളെ നേരത്തേ കണ്ടെത്തി (Early Intervention) അവർക്ക് ആവശ്യമായ ചികിത്സ കാലവിളംബം കൂടാതെ നൽകുക എന്നതാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇത്തരം പ്രശ്നങ്ങൾ ഉള്ള കുട്ടികളുടെ രക്ഷിതാക്കൾ, പരിചരിക്കുന്നവർ എന്നിവരുടെ ശാക്തീകരണത്തിനായുള്ള പ്രവർത്തനങ്ങളും ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നു.

22. **NIPMR – ലോകാരോഗ്യ സംഘടന സഹായക – ഉപകരണ പരിശീലനം (Training in Assistive Products):** സഹായക ഉപകരണങ്ങളുടെ ആവശ്യകതയും ഉപയോഗവും സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ലോകാരോഗ്യ സംഘടന ആരംഭിച്ച പദ്ധതിയാണ് സഹായക ഉപകരണ പരിശീലനം (Training in Assistive Products-TAP). ലോകാരോഗ്യ സംഘടനയുമായി സഹകരിച്ച് സഹായക സാങ്കേതിക വിദ്യാ പദ്ധതി നടപ്പിലാക്കുന്നതിനും പദ്ധതിയുടെ ഗുണഭോക്താക്കളെ തൃശ്ശൂർ ജില്ലയിലെ ആളൂർ ഗ്രാമപഞ്ചായത്തിൽ നിന്നും തെരഞ്ഞെടുക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.